ആർമി, പോലീസ്, ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളിലേക്കും സംഖ്യകൾ കുറെക്കൂടിത്തന്നെയാണിരിക്കുന്നതു്. പക്ഷെ, അവ ഇന്നത്തെ നിലയ്ക്കു ഒഴിച്ചുകൂടാൻ പാടില്ലാത്തവയാണ്. ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളും വളരെ ശക്തിമത്തായിരിക്കേണ്ട ഒരു കാലഘട്ടമാണിതു്. ഈ രാജ്യത്തിൽ സമാധാനമായി ജീവിക്കുന്നതിനും സ്വാതന്ത്ര്യമായി സഞ്ചരിക്കുന്നതിനും ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളും ശക്തിമത്തായിത്തന്നെയിരിക്കണമെന്നുള്ള സംഗതിയിൽ രാജ്യത്തിൻറെ ഗുണത്തെ കാംക്ഷിക്കുന്ന ഏതൊരുവനും അനുകൂലിക്കുകതന്നെ ചെയ്യും. അതുകൊണ്ടു ഈ രണ്ടു് ഡിപ്പാർട്ടുമെൻറുകളിലും ചെലവു് സ്വല്പം വർദ്ധിക്കുന്നതായിട്ടു് കാണുന്നതുകൊണ്ടു് നാം പരിഭ്രമിക്കേണ്ട ആവശ്യമൊന്നുമില്ല. ഈ സന്ദർഭത്തിൽ ഒരു പ്രധാന സംഗതി എനിക്കു ഗവണ്മെൻറിൻറെ ദൃഷ്ടിയിൽ കൊണ്ടുവരേണ്ടതായിട്ടുണ്ടു്. തിരുവിതാംകൂറിലെ പട്ടാളത്തിൽ ചേരുന്നതിനു് ചില സമുദായക്കാർക്കു് തടസ്സമുണ്ടായിരുന്ന കാലത്തും ഇവിടത്തെ നായന്മാർക്കും മുസ്ലീമിങ്ങൾക്കും ഇവിടത്തെ പട്ടാളത്തിൽ പ്രവേശനമുണ്ടായിരുന്നു. ഏതുകാരണത്താലായാലും, മഹാരാജാവു തിരുമനസ്സിലെ പ്രജകളായ എല്ലാ സമുദായക്കാർക്കും പട്ടാളത്തിൽ പ്രവേശിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കണമെന്നു ഒരു പരിഷ്കാരമുണ്ടായതിനുശേഷം ഇവിടത്തെ ഏറ്റവും പ്രധാന സമുദായമായ മുസ്ലീമിങ്ങൾക്കു് അതിൽ പ്രവേശനം അനുവദിച്ചിട്ടില്ല. ഇതു് മുസ്ലീം സമുദായത്തിൻറെ അഭിമാനത്തിനു ഒരു ക്ഷതമായിത്തീർന്നിരിക്കുന്നുവെന്നുള്ള സംഗതി ഞാൻ ഗവണ്മെൻറിൻറെ ദൃഷ്ടിയിൽ കൊണ്ടുവന്നുകൊള്ളുന്നു. ഈ അപമാന നില തുടർന്നുകൊണ്ടുപോകുന്നതിനു ഗവണ്മെൻറു് ഒരിക്കലും അനുവദിക്കാൻ പാടുള്ളതല്ല.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Muhamed.]

ഭരണസംബന്ധമായ ചെലവുകൾ വർദ്ധിച്ചുവരുന്ന എന്നുള്ള സംഗതിയിൽ അഭിപ്രായവ്യത്യാസമില്ല. എന്റെ സ്നേഹിതൻ മി. കെ. ആർ. നാരായണൻ പറഞ്ഞതു് പെൻഷൻ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ഇനത്തിലും മറ്റുമായി ഗണ്യമായ ഒരു തുക ചെലവാക്കുന്നുവെന്നാണു്. രാജ്യത്തിന്റെ പൊതു ക്ഷേമത്തിനുവേണ്ടി ചെലവാക്കുന്ന സംഖ്യ ആയിട്ടാണു് ഉദ്യോഗസ്ഥന്മാരുടെ ശമ്പളച്ചെലവു ഉൾപ്പെടുത്താറുള്ളതു്. ജനക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്നതിനാണു് ഉദ്യോഗസ്ഥന്മാർക്കു ശമ്പളം കൊടുത്തുവരുന്നതു. ഏതു രാജ്യത്തെ ഭരണസംപ്രദായം നോക്കിയാലും ഈ രീതിതന്നെയാണു സ്വീകരിച്ചിട്ടുള്ളതെന്നുകാണാം. പക്ഷെ, ആ വിഷയത്തിൽ വേണ്ട വിധത്തിലുള്ള നിയന്ത്രണം അത്യാവശ്യമാണു്. പെൻഷനെ സംബന്ധിച്ചിടത്തോളം അതു് ഇല്ലാതാക്കാൻ എങ്ങിനെ സാധിക്കുമെന്നുള്ള സംഗതി മനസ്സിലാകുന്നില്ല. ഉദ്യോഗസ്ഥന്മാർ ഗവണ്മെൻറിനെ സേവിക്കുന്നതിന്റെ പ്രതിഫലമായി അവർ റിട്ടയർ ചെയ്യുന്നകാലത്തു് കൊടുത്തുവരുന്നതാണു് പെൻഷൻ എന്നു പറയുന്നതു്. ആ സംഖ്യ മേലാൽ കൊടുക്കേണ്ട എന്നു പറഞ്ഞാൽ അതു് അത്ര ആശാസ്യമാണെന്നു തോന്നുന്നില്ല. വേറെ വല്ല മാർഗ്ഗങ്ങളിലും കൂടി അതിലേക്കുവേണ്ടിവരുന്ന ചെലവുകൾ ഉണ്ടാക്കുന്നതിനു ശ്രമിക്കുകയല്ലാതെ പെൻഷൻ കൊടുക്കാൻ പാടില്ല എന്നു പറയുവാൻ നിവൃത്തിയില്ലതന്നെ.

PRESIDENT: Order, order. Following upon what I said I find this state of affairs. Mr. Kochuthommen gave his name. He is not here now. Mr. D. Francis gave his name and he too is not here. Mr. Ramakrishna Pillai declined to speak today. That is the exact position so far as your Party is concerned.

MR. NARAYANA KURUP: We were not informed.

PRESIDENT: Honourable members have a right to say that a certain number of members from their Party should be called. As a matter of fact I send word by Messenger to Mr. Ramakrishna Pillai, the Leader of your Party, but he said that he would prefer not to speak to day. Mr. D. Francis is not here and Mr. Kochuthommen also is not here. That was the reason why more people from the particular Party was not called.

MR. THAMARAPALLIL KOCHUTHOMMEN (*Tiruvella*): — സർ, ഫൈനാഷ്യൽ സിക്കുട്ടറി വളരെ വിസ്തരിച്ചു തയ്യാറാക്കീട്ടുള്ള ഫ്രന്സലെ ബഡ്ജറ്റ്നെപ്പറ്റി അദ്ദേഹത്തെ വളരെ അഭിനന്ദിച്ചുകൊള്ളുന്നു. വാട്ടർവക്ക്സ്, പള്ളിവാസൽ പദ്ധതി, സെറാമിക്സ് ഫാക്ടറി, മുതലായ പല ഇനങ്ങൾക്കു ഈ വർഷം വളരെ പണച്ചിലവുവന്നിരിക്കെ

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളിൽ നികുതിഭാരം ചുമത്താതെയും വേണ്ടവിധം വരവിനെ വർദ്ധിപ്പിച്ചും തയ്യാറാക്കിയ ബഡ്ജറിനെപ്പറ്റി പ്രത്യേകം ഒന്നുകൂടി അഭിനന്ദിച്ചുകൊള്ളട്ടെ.

ഈ രാജ്യത്തെ ജനങ്ങളുടെ ആഹാരസാധനത്തിനാവശ്യപ്പെട്ടതായിട്ടുള്ളതു നെല്ലും കപ്പയുമാണ്. കരിമ്പുകൃഷിയുടെ വർദ്ധനവു നാമിത്തം നെൽക്കൃഷി ചെയ്തുവരുന്ന വിരിപ്പുനിലങ്ങളും അധികവും കരിമ്പുകൃഷിക്കു ഉപയോഗപ്പെടുത്തുന്നു. മകരക്കൃഷി ചെയ്തുവരുന്ന മുണ്ടക നിലങ്ങളും കൂടി ആലുവാ കരിമ്പിന്റെ കൃഷി തുടങ്ങിയതിൽ പിന്നീട് കരിമ്പുകൃഷി ചെയ്തുവരുന്നു.

തെങ്ങുകൃഷിയുടെ വർദ്ധനവോടുകൂടി മലകളും എല്ലാം തെങ്ങുകൃഷി ചെയ്തുവരുന്നു. ഓണാട്ടുകര, കുട്ടനാട് മുതലായ സ്ഥലങ്ങളിൽ ഉണ്ടാകുന്നതിനേക്കാളും സമൃദ്ധിയായി മലകളിൽ തെങ്ങ് ഉണ്ടായിവരുന്നു. ഇതു നിമിത്തം കപ്പകൃഷിക്കും നെൽകൃഷിക്കും സ്ഥലമില്ലാതെ വരുന്നു. ഗവണ്മെൻറിന്റെ ഗാഢമായ ശ്രദ്ധ ഈ കാര്യത്തിൽ വേണ്ടവിധം പതിഞ്ഞുകാണ്മാൻ അഭ്യർത്ഥിക്കുന്നു.

ബഡ്ജറിൽ ഫസ്-ലേക്കു ഫാറസ്റ്റു ഡിപ്പാർട്ടുമെൻറിലെ വരവു ഫസ്, ൧൦൦൦൦ രൂപയും ചിലവു ൨൪,൪൯൭ രൂപയും കണക്കാക്കിയിരിക്കുന്നു. ഈ ചിലവു ഡവലപ്പുമെൻറു ഡിപ്പാർട്ടുമെൻറിലേക്കുള്ള ഫ,൨൯൦൦ രൂപാ കൂടി ഉൾപ്പെടുത്തി കണക്കാക്കീട്ടുള്ളതാണ്.

ഫഫ൫-ലെ ഒറിജിനൽ ബഡ്ജറനുസരിച്ചുള്ള ഫ൫,൯൦൦൦ ൽനിന്നും ഫ,൪൦൦൦ (ഒരുലക്ഷത്തി നാല്പതിനായിരം) ഫസ്-ലേക്കു കൂട്ടുതലാണ്. ചിലവു വകയ്ക്കു ഫസ്-ലേക്കു കണക്കാക്കിയിരിക്കുന്ന സംഖ്യ ഫഫ൫ നേക്കാളും കുറവും ആണ്.

ഫഫ൫-ലേക്കുള്ള റവന്യു വരുത്തേണ്ടതിലേക്കു കൺട്രാക്ടറുമുഖേനയും മറ്റു ഏജൻസികളും വഴിയായും നടത്തിയിട്ടുള്ള വേലകൾക്കു ഒരു ഭീമമായ സംഖ്യ കൊടുത്തുതീർപ്പാനുള്ളതും ഇതിലേക്കു ഫഫ൫-൩ മാണ്ടത്തെ അനുവാദത്തിൽ ചിലവിനു പണം കുറവാകയാൽ അത്രയും സംഖ്യ ഫസ്-൩മാണ്ടത്തെ ചിലവു ബഡ്ജറിൽ നിന്നും കുറയുന്നതും ഫസ്-ലേക്കു വരുത്തേണ്ട റവന്യുവകയ്ക്കു ഉദ്ദേശം രണ്ടുലക്ഷം രൂപായോളം ആണ്ടവസാനത്തിൽ കൊടുത്തു തീർക്കേണ്ട ഇനത്തിൽ വരുന്നതും ആകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thamarapallil Kochuthommen.]

നമ്മുടെ ഭാവി തലമുറയ്ക്ക് ഒരു കരുതൽ ധനമായി വയ്ക്കേണ്ട തിരുവിതാംകൂറിലെ വനത്തെ വേണ്ടവിധം പരിരക്ഷിച്ച് ശക്തിപ്പെടുത്തുന്നതിലേയ്ക്ക തക്കതായ യാതൊന്നും ചെയ്യുകാണുന്നില്ല. തേക്കു തോട്ടങ്ങൾ ആണ്ടുതോറും വർദ്ധിപ്പിക്കുന്നതു നല്ലതുതന്നെ. ഇപ്പോൾ ഫ്രഞ്ചു ഏക്കറോളം തേക്കുതോട്ടം വച്ചിട്ടുണ്ട്. ഇതിൽ നിന്നും പലഇനം വില്പനകളിലായി ശരാശരിക്ക ൧൫൦൦൦ രൂപായോളം വരുമാനം കിട്ടിവരുന്നുണ്ട്. തേക്കിനേക്കാൾ വേഗം വളരുന്നതും പല വ്യവസായങ്ങൾക്കും ഉപയോഗപ്പെട്ടുന്നതും ആയ പലജാതി തടികൾ നട്ടുപിടിപ്പിക്കാവുന്നതും അതിനുപയോഗപ്രദമായിട്ടുള്ള സ്ഥലങ്ങൾ ധാരാളം വനങ്ങളിൽ ഉള്ളതുകൊണ്ട് പൈൻ, പെരുമരം, ഇലവ്, ചീനി, പാല, മുതലായ സോഫ്റ്റ്‌വുഡ് മരങ്ങൾ വച്ചുപിടിപ്പിക്കേണ്ടതാണ്.

സെടൽ ഡിവിഷൻ, കോട്ടയം, മലയാറ്റൂർ, ഈ ഡിവിഷനുകളിൽ ഉള്ള വനങ്ങളിൽ നിന്നും തടികൾ അധികവും ആറുവഴിമാത്രം ഇറക്കിക്കൊണ്ടുവരുന്നതിനേ സാധിക്കുന്നുള്ളൂ. വനങ്ങളുടെ ഉൾഭാഗത്തെ സഞ്ചാരത്തിനും ഉൾഭാഗങ്ങളിൽനിന്നും തടികൾ ഇറക്കിക്കൊണ്ടുവരുന്നതിനും തക്ക റോഡുകൾ ഇല്ല. ഗതാഗതങ്ങൾക്കു സൌകര്യപ്പെടത്തക്കവണ്ണം വണ്ടിറോഡുകൾ ഉണ്ടാക്കുന്നപക്ഷം ഉൾവനങ്ങളിൽ നിന്നും തടികൾ ഇറക്കുന്നതിനും പ്ലാന്റേഷനാൽ വനത്തെ പുഷ്ടിപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്. ഇതിലേക്കു ആണ്ടിൽ ഒരുലക്ഷം രൂപാ എങ്കിലും ചിലവു ചെയ്യേണ്ടതാണ്. പാല, പൈൻ, പെരുമരം, മുതലായ സോഫ്റ്റ്‌വുഡ് ഇനങ്ങൾ ഉൾവനങ്ങളിൽ നട്ടുപിടിപ്പിക്കാവുന്നതാണ്.

ഡെവലപ്പുമെന്റു ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം കൂടുതൽ തൃപ്തികരമാക്കേണ്ടതാണ്.

അടുത്തകൊല്ലത്തേക്കുള്ള ബഡ്ജറ്റുതുക ഫ്രവ്ൻ൦൦ രൂപാ മാത്രമെ കാണുന്നുള്ളൂ. അതു കഴിഞ്ഞകൊല്ലത്തെ അപേക്ഷിച്ചു തുലോം കുറവാണ്. അതിൽനിന്നും മനസ്സിലാക്കേണ്ടതു പ്രസ്തുത ഡിപ്പാർട്ടുമെന്റു പ്രവർത്തനം പുരോഗമനത്തിനു വിപരീതം മന്ദീഭവിക്കുകയാണെന്നാണ്.

വലിയ ആശയങ്ങളോടുകൂടി ആരംഭിച്ചിട്ടുള്ള പ്രസ്തുത ഡിപ്പാർട്ടുമെന്റു് ഗവർമ്മെന്റിലേക്കു കൂടുതൽ പ്രയോജനകരമായ രീതികളിൽ

LIBRARY ARCHIVES Kerala Legislative Assembly

നടത്താവുന്നതാണ്. ഡാക്ടർ കാമേശത്തിന്റെ വേർപാടാണോ ഇങ്ങനെ ഈ ഡിപ്പാർട്ടുമെൻറിനെ ക്ഷയിപ്പിക്കുന്നത് എന്നു ഞാൻ സംശയിക്കുന്നു.

ആസ്കൃഷീറുമെൻറു പാഴ്മരങ്ങളെ സംബന്ധിച്ചിടത്തോളം വളരെ വിജയപ്രദമാണെന്നും അങ്ങനെ ഷീറു ചെയ്ത തടികൾ, പാലങ്ങൾ, കെട്ടിടങ്ങൾ മുതലായവ പണിയുന്നതിലേക്ക് ഉപയോഗപ്രദമാണെന്നും അങ്ങനെ നിരുപയോഗമായി നാം ഉപേക്ഷിക്കുന്ന തടികൾ വളരെ പ്രയോജനകരമായി ഉപയോഗിക്കാമെന്നും ഇതിനകം നാം കണ്ടു കഴിഞ്ഞു. എന്നാൽ അവ പണികഴിപ്പിക്കുന്നത് പി. ഡബ്ലീയു. ഡിയിൽ നിന്നും ആയിരിക്കേണ്ടതും തടികൾ ഷീറു ചെയ്യുന്ന ജോലി മാത്രം ഡവലപ്പുമെൻറു ഡിപ്പാർട്ടുമെൻറിൽ നിന്നും വഹിക്കയും അങ്ങനെയുള്ള വേലകൾ പി. ഡബ്ലിയു. ഡി. നടത്തുന്നപക്ഷം അവ കൂടുതൽ ലാഭകരമായിരിക്കുന്നതുമാണ്. ടെലഫോൺ പോസ്റ്റ്, ഇലക്ട്രിക്കൽപോസ്റ്റ് മുതലായ ഇനത്തിൽനിന്നും നല്ല ലാഭം സിദ്ധിക്കുന്നതായികാണുന്നു. കൂടാതെ ഇപ്പോഴത്തെ യുദ്ധത്തേയും തൻമൂലം ഉണ്ടായ കുഴപ്പങ്ങളേയും പരിഗണിക്കുമ്പോൾ തടിയുടെ ഉപയോഗം വളരെയുണ്ട്. പ്രത്യേകിച്ചും നമ്മുടെ നാട്ടിൽ തടി ധാരാളമുള്ളതിനാൽ ഇരുമ്പ്, സിമിൻറു മുതലായ സാധനങ്ങൾ ഇറക്കുമതി ചെയ്യാതെ ഇവിടത്തെന്നെയുള്ള സാധനങ്ങൾ കൊണ്ട് പണികൾ കഴിപ്പിക്കുന്നത് ഗവണ്മെൻറിനും ഈ നാട്ടുകാക്കും പ്രയോജനകരമായിരിക്കുന്നതാണു. നമ്മുടെ സാധനങ്ങൾ അന്യരാജ്യങ്ങളിൽ നല്ല വിലക്കു കൊടുക്കാനും സാധിക്കുന്നതാണ്.

ഈ കൊല്ലത്തെ ബഡ്ജറിൽ റിസെർച്ച് സെക്ഷൻ പ്രസ്തുത ഡിപ്പാർട്ടുമെൻറിൽനിന്നും നിർത്തൽ ചെയ്തതായികാണുന്നു. അതു അത്ര ആശാസ്യകരമായിരിക്കുന്നില്ല. റിസെർച്ചുവക്ക് ചെയ്യുന്നത് അപ്പോഴത്തെ ആദായങ്ങൾ പരിഗണിച്ചല്ല. ഇതുപോലെ ഫാറസ്റ്റ് റവന്യൂ ഉള്ള ഈ രാജ്യത്ത് ഫാറസ്റ്റ് റിസർച്ച നിർത്തൽ ചെയ്യുക എന്നുള്ളതു് നമുക്ക് അഭിമാനകരമല്ല. റിസർച്ചിൻറെ ഫലം ഒരുപക്ഷെ ഒരു ദിവസംകൊണ്ടോ ഒരു മാസംകൊണ്ടോ ഒരു വർഷംകൊണ്ടോ നമുക്കു കിട്ടിയെന്നു വരുന്നതല്ല. അതു ചിലപ്പോൾ പല കൊല്ലങ്ങൾകൊണ്ടേ ഇച്ഛിക്കുന്ന ഫലം കിട്ടിയെന്നുള്ളു എന്നു വരാം. ഫോറസ്റ്റ് റിസർച്ച് എല്ലാ പരിഷ്കൃതരാജ്യങ്ങളിലും ചെയ്തുവരുന്നു. ആയതിനാൽ അതു നിറുത്തൽ ചെയ്യാതെ അതിനെയും വേണ്ട വിധത്തിൽ പരിപോഷിപ്പിക്കുന്നപക്ഷം ഇതിൻറെ ഫലം നമുക്കു കാണാൻ കഴിയുന്നതാണ്. നമ്മുടെ നാട്ടിലെ മേജർ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thamarapallil Kochuthoumen.]

ആൻഡ്മെൻറ് പ്രൊഡ്യൂസ് ഏതെല്ലാം രീതിയിൽ പ്രയോജനപ്പെടുത്താമെന്നുള്ളത് ശാസ്ത്രീയമായ ഒരു ഗവേഷണം മൂലമേ അറിയാൻ സാധിക്കയുള്ളൂ.

ഫാറസ്റ്റ വരുമാനം വർദ്ധിപ്പിക്കേണ്ടതിലേക്കു അങ്ങനെ ഒരു ഗവേഷണം നടത്തുകയും, ഒരു ശരിയായ രീതിയിലുള്ള ഒരു ഫാറസ്റ്റ് സർവെ നടത്തി നമ്മുടെ ഉൽപ്പന്നങ്ങൾ എന്തെല്ലാമെന്നും എവിടെ വില്പനകഴിക്കാമെന്നും അവയുടെ സാദ്ധ്യതകൾ എന്തെല്ലാമെന്നും ആരാഞ്ഞറിയുകയും ചെയ്യേണ്ടതാണ്. അതു ഡെവലപ്പുമെൻറ ഡിപ്പാർട്ടുമെൻറ മുഖാന്തരം നടത്തണം. ആയതിനാൽ പ്രസ്തുത ഡിപ്പാർട്ടുമെൻറ പൂർവ്വാധികം ഊർജ്ജിതപ്പെടുത്തി അതിനെ ഗവൺമെൻറിനും നാട്ടുകാർക്കും പ്രയോജനപ്പെടുത്തേണ്ടതാണ്.

അതിനോടു അനുബന്ധിച്ചു നടത്തുന്ന വർക്കുഷാപ്പിൽ പലതും പ്രയോജനകരമായി ചെയ്യാൻ സാധിക്കുന്നതാണ്. ഉദാഹരണമായി വുഡ്വർക്കം മുതലായ സാധനങ്ങൾ ഇപ്പോൾ വെളിയിൽനിന്നും വരാൻ ഇടയില്ലായ്കയാൽ നല്ല വിലയ്ക്കു പോകുമെന്നുള്ളതു തീർച്ചയാണ്. ഡെവലപ്പുമെൻറ വേണ്ടവിധത്തിൽ പോഷിപ്പിച്ചു നടത്തുകയും അതിലേക്കു ശാന്തനും സമർത്ഥനുമായ ഒരുദ്യോഗസ്ഥന്റെ കീഴിൽ മുൻപോട്ടു നടത്തുകയും അതിന്റെ പുരോഗതിക്കു ആവശ്യപ്പെട്ട എല്ലാസഹകരണങ്ങളും ചെയ്തുകൊടുക്കുന്നതിനു ഗവൺമെൻറിന്റെ ദൃഷ്ടി പതിയുകയും ചെയ്യണമെന്നും പ്രസ്താവിച്ചുകൊള്ളുന്നു.

MR. D. FRANCIS (*Kalkulam cum Vilavankod*) : Sir, உலகம்முழுவதும் யுத்தத்தின் முகாந்திரமாயும், பணக்கஷ்டத்தின் முகாந்திரமாயும் ஜனங்கள் எல்லாம் கஷ்டப்பட்டு ஜீவிக்கும் இந்தக் காலத்தில், நம்முடைய கவர்ன்மெண்டு ஒரு சர்ப்பிளஸ் பட்ஜெட்டை அஸெம்பளியில் சமர்ப்பித்திருக்கிறதற்காக வெகுமானப்பட்ட கவர்ன்மெண்டாருக்கும், பைனன்ஷியல் சிக்கரட்டரி அவர்களுக்கும் என் நன்றியைச் செலுத்திக்கொள்கிறேன்.

Education Department. பள்ளிக்கூட டிபார்ட்மெண்டுக்கு ரொம்பப்பணம் சிலவாக்கிக்கொண்டேயிருக்கின்றது. அதனால் இந்தியாவிலுள்ள எல்லா சுதேசி ராஜ்யங்களையும்விட, இந்த ராஜ்யம் வித்தியாப்பியாஸத்தில் முன்னேற்றமடைந்திருப்பதற்காக, நாங்கள் கவர்ன்மெண்டிற்கு நன்றி செலுத்தக் கடமைப் பட்டிருக்கிறோம். சிலவர்களுக்கு பிரைமரிப் பள்ளிக்கூடங்களில் கட்டாயப் படிப்பு அவசியம். பிரைமரிப் பள்ளிக்கூடங்களில் படிப்பிக்கிற ஆசிரியர்களுக்கும், சர்க்கார் பள்ளிக்கூடமானாலும் சரி, கிறுண்டு பள்ளிக்கூடமானாலும்சரி, சம்பளம் தாராளமாய்க் கூட்டவேண்டும். அவர்களுக்குச் சம்பளம் மிகவும் குறைந்திருப்பதால் விருத்

LIBRARY ARCHIVES Kerala Legislative Assembly

தியாகவாமுடியாது. ஒரு நல்ல குடையில்லாமலும், பாதரக்ஷையில்லாமலும், நல்ல வஸ்திரம் கட்டாமலும் வருகிறார்கள். எவ்வளவு பெரிய உத்தியோகஸ்தர்களாயிருந்தாலும் சரி அவர்களுடையச் செல்லப் பிள்ளைகளும் இந்த ஆசிரியர்களிடமே எல்லாம் கண்டு படிக்கவேண்டியதாயிருக்கிறது. ஸர்க்கார் பள்ளிக்கூடங்களில் ஒழிவு வரும்போது 100-க்கு 50 வீதம் ஸ்திரம் ஒழிவுகளில் கிறுண்டுப் பள்ளிக்கூடம் உபாத்தியாயர்களை நியமிக்கவேண்டும். உயர்ந்த கிளாஸுகள் கிறுண்டு பள்ளிக்கூடங்களில் வைக்கும் போது, அவைகளுக்கு உள்ள கிறுண்டு உடனடிதானே கொடுக்கவேண்டும். கிறுண்டு பள்ளிக்கூடம் ஆசிரியர்களுக்கு கொடுக்கிற சம்பளத்தில் 100-க்கு 75 வீதமாவது கொடுக்கவேண்டும். டிரைனிங்கு (Training) ஆயிருக்கிற ஆசிரியர்களுக்கு முன் பதிவுபோல கூடுதல் கொடுக்கவேண்டும். டிபார்ட்மெண்டு ஆசிரியர்களைப் போலவே கிறுண்டு பள்ளிக்கூடம் ஆசிரியர்களுக்கும் அவகாச அவதி கொடுக்கவேண்டும். அவதியில் இருக்கும்போது அரைச்சம்பளமும் கொடுக்கவேண்டும்.

Medical Department. மெடிக்கல் டிபார்ட்மெண்டு மிகவும் பிரயோசனமுள்ள ஒரு ஸ்தாபனமாயிருக்கிறது. எல்லா டிஸ்டிரிக்ட்டு (district) ஆஸ்பத்திரிகளிலும் அவசியமான ஐரோப்பிய கர்ஸுகள் வைக்கப்பட்டிருக்கிறதா என்பது தெரியவில்லை. இதுவரையில் நடப்பிற்கு வரவில்லையானால், உடனடியில் நடப்பிற்கு வருத்தவேண்டும். இதைப் பற்றி சென்றபட்ஜெட் ஸ்பீச்சுகளில் எல்லாம் நான் பேசினதுண்டு.

நம்முடைய ராஜ்யத்திலுள்ள மூலிகைமருந்துகளும், பச்சிலைமருந்துகளும் மிகவும் சக்தியுடையவைகளாயிருக்கின்றன. உதாரணமாக சிறியாநங்கை என்று சொல்லப்படுகிற பச்சிலையை நல்ல பாம்பிற்குமூன் காட்டினால், அது உடனே தலைசாய்க்கிறது ஆசாரி பள்ளத்தில் கூடயோக ஆஸ்பத்திரி கட்டுகிறயிடத்தில் ஒரு விஷவைத்தியனிருக்கிறான். அவன் படித்தவனல்ல. சென்ற பத்து வருஷங்களாக விஷக்கடிகளுக்கு ஆசாரிப் பள்ளம் வட்டாரத்தில் கிடைக்கக்கூடிய மருந்து மூலிகைகளைக் கொண்டு வைத்து வியாதியஸ்தனுடைய காசிதுவாரங்களிலும், காது துவாரங்களிலும் மூன்று நாள் ஊதுகிறான். நல்ல பாம்புக்கடி, பேய் நாய்கடி, எலிக்கடி முதலிய எந்த விஷமும் சுகப்பட்டுவிடுகிறது. திருநெல்வேலி ஜில்லாவிலிருந்தும் விஷக்கடியுள்ளவர்கள் தாராளம் வருகிறார்கள். இதைப்பற்றி அந்த வைத்தியன் சர்க்காருக்குத் தெரியப்படுத்த வேண்டுமென்று என்னிடத்தில் அவனும் வேறே ஆள்களும் கூடிச் சொன்னார்கள். நான் அதை ஸர்ஜன் ஜெனரலுக்கு எழுதினேன். ஒரு நாள் கோட்டார் ஆஸ்பத்திரி மெடிக்கல் ஆபீஸர் Mr. ஈப்பன் என் வீட்டிற்கு வந்து என்னையும் கூட்டிக்கொண்டு அந்த விஷக்கடி வைத்தியன் வீட்டிற்குப் போனார். நாங்கள் போகும்பொழுது 6 வியாதியஸ்தர்கள் அங்கேயிருந்தார்கள். நாங்கள் போகிறதற்கு முன் அநேகர்வந்து சிகிட்சை செய்துகொண்டு போய்விட்டதாக அங்கிருந்தவர்கள் சொன்னார்கள், வைத்தியன் சிகிட்சை செய்துகொண்டிருந்தான். டாக்டர், எல்லாம் பார்த்து தம் டைரியில் நோட்டு பண்ணிக்கொண்டார். எந்த மாதிரி ரிப்போர்ட்டு அனுப்பினார் என்று தெரியாது. அங்கேயிருந்த வியாதியஸ்தர்களுக்கு முகத்திலும், கைகால்களிலும் பலவிதமான புண்கள் இருந்தன. இந்தமாதிரி புண்கள்

LIBRARY ARCHIVES Kerala Legislative Assembly

[Mr. D. Francis.]

ஆஸ்பத்திரி மருந்துகளுக்கு அனுசரிக்காதாம். விஷக்கடி மருந்துக்கு உடன் தீருமென்றும் சொல்லுகிறார்கள். பச்சிலை மருந்துக்கு விலையில்லை. அவன் பிலாம் வாங்குவதில்லை. தினக்காரர்கள் மூன்று நாளும் வெய்யிலிலும், மழையிலும், காற்றிலும் கிடக்கிறார்கள். அவர்களுக்கு ஒரு கட்டிடம் கட்டிக் கொடுத்தோ அல்லது ஏதாவது கிறுண்டு கொடுத்தோ இந்த சிகிட்சையை பலப்படுத்தினால் நல்லது.

Engineering Department. இஞ்சினியரிங் டிபார்ட்மெண்டைப் பற்றி பொது ஜனங்களுக்கு நல்ல அபிப்பிராயம் உண்டாயிருக்கிறது. மிகவும் கூடுதல் ஸர்வீஸ் உள்ள ஒரு சீப் இஞ்சினியர் கிடைத்திருப்பதால், Dustless concrete road, Water supplyschemes, Electric supply schemes, Travancore Transport, முதலிய அநேகம் டிபார்மெண்டுகள் ஆரம்பிக்கப்பட்டு திருப்திகரமாய் முடிவுபெற்று வருகிறபடியாலும் ஜனங்களுக்கு கவர்ன்மெண்டு பேரிலுள்ள நம்பிக்கையும், விசுவாசமும் அதிகரித்துக் கொண்டு வருகிறது. ஆனால் தெக்கன் திருவிதாங்கூரில் புதிதாய் வெட்டித்திருத்தியிருக்கிற நிலங்களுக்கு, குளங்கள் வெட்டி தண்ணீர் கொடுக்காமல், தண்ணீர் வரி வாங்கிக்கொள்வது நியாயமில்லாத ஏற்பாடாயிருக்கின்றது. தேவாழை, அகஸ்தீஸ்வரம், கல்குளம், விளவங்கோடு, ஆகிய தாலூகாக்களில் உள்ள புது நிலங்களுக்காக இருபது(20) புதுகுளங்களாவது வெட்டிக்கொடுத்து சரியாய்கேல் விகாயச் செய்யவேண்டும்.

Transport Department. திருவிதாங்கூர் டிரான்ஸ்போர்ட் டிபார்ட்டுமெண்டைப் போல் பெருத்த லாபமுள்ள கச்சவடம் கவர்ன்மெண்டுக்கு வேறு ஒன்றுமில்லை. பொது ஜனங்களுக்கு ரயில்வே (Railway) வேண்டாமென்றும் அபிப்பிராயம் வந்துகிட்டது. ஏனென்றால் ரயிலைப் போல் பஸ்சர்வீஸ் தாமதிப்பதில்லை. ஸ்டேஷன்களிலும் வெகுநேரம் தாமதித்திருக்கவும் வேண்டியதில்லை. அதனால், கவர்ன்மெண்டு அவசரமாய் செய்யவேண்டுமென்று அபிப்பிராயப்பட்டிருக்கிற வேறு ஏழு (7) லயன்களையும் உடனடி ஆரம்பிக்கவேண்டியது. இப்படிப்பட்ட (schemes) ஸ்கீம்ஸ்களை சீக்கிரம் நடப்பில்கொண்டு வந்தால் மாத்திரம் வேலையில்லாது கஷ்டப்படுகிறவர்களுக்கு வேலையும், சர்க்காருக்கு தகுந்தலாபமும் கிடைக்கும்.

Co-operative Department. கோ ஆப்பரேட்டிவ் டிபார்ட்மெண்டு ஏழை ஜனங்களுக்கு மிகவும் உதவக்கூடிய ஒரு இலாகா. அவசரத்திற்கு கஷ்டமில்லாமல் பணம்வாங்கிக்கொள்வதற்கும், சொற்பம், சொற்பமாய் கொடுத்து தீர்ப்பதற்கும், குறைந்த சம்பளக்காரர்களும் கூலிக்காரர்களும் கொஞ்சம் கொஞ்சமாய் பாங்கில் போட்டு முதல் வளர்ப்பதற்கும், தாழ்ந்த ஜாதியார் என்று சொல்லப்பட்டவர்கள் உயர்ந்த ஜாதிக்காரர்களோடு சேர்ந்து நடமாடி, நாள்வட்டத்தில் ஜாதிவித்தியாசம் இல்லாமல் ஆகிறதற்கும் இதைப்போல் வேறு ஒரு டிபார்ட்டுமெண்டும் உதவுகிறதில்லை. அதனால் அந்த டிபார்ட்டுமெண்டிற்குக் கிடைத்திருக்கிற தலைவர், இதற்குத்தகுதியான யோக்கியதையுள்ளவராகக் கிடைத்திருப்பதால், செய்யவேண்டிய காரியங்களையெல்லாம் இக்காலத்தில் செய்துகொள்ள வேண்டும்.

Department of Industries. கைத்தொழில் டிபார்ட்மெண்டானது இராஜ்யத்திற்கு ஐசுவரியத்தை உண்டாக்கக்கூடிய ஒரு இலாகாவாக இருக்கின்றது. நம்முடைய ராஜ்யத்தில் அநேகம் கைத்தொழில்களை

LIBRARY ARCHIVES Kerala Legislative Assembly

செய்யத்தக்க வசதிகள் இருக்கின்றன. நாகர்கோவிலில் ஒரு நெசவு சாலை மாத்திரம் நடத்தப்படுகின்றது, Improved method of iron work, brass work, wood work, leather work முதலிய அநேகம் கைத்தொழில் கள் செய்யக்கூடியதாக வசதிகள் யிருக்கின்றன. அவைகளை நடத்தவே ண்டும்.

Revenue Department. റെവിന്യൂ ഡിപാർട്മെണ്ടു റൊമ്പപ് പണച് ചിലവു ചെയ്തു നടത്തപ് പടുകിറതു. കൂടുതലാന മുതലിടപ്പും അന്ത ഡി പാർട്മെണ്ടിൽ താൻ ഇരുക്കിറതു. വെള്ളം വിട്ടുച് കൊടുക്കാത നിലങ് കളുക്കു വെള്ളവരി വാങ്കപ്പടുവതു ഒരുവിതത്തിലും നിയായമില്ലൈ. മഴൈ പെയ്യാമ്ലും, പേച്ചുപ്പാറൈയിൽ വെള്ളമില്ലാമലും, ആറ്റിൽ വെള് ളം കൊടുക്കാമലും, വയൽ ഉഴുതുപയിർ ചെയ്യാമലിക്കിറ നിലങ്കളുക്കു കരംവാങ് കുകിറ മോചമാന നടപടിയൈ നിറുത്തവേണ്ടും. അപ്പടിപ്പട്ട നിലങ്കളൈ കരക്കുടിചൈക്കാക ലേലത്തിൽ വിറ്കിറതും സരിയാന വഴിയല്ല. ഇവ്വളവും ചൊല്ലിക്കൊണ്ടു എൻ ജെടെയ പിരചങ്കത്തൈ നിറുത്തിക് കൊൾകിറേൻ.

MR. T. C. KESAVA PILLAI : ഫാമിനെ–ലെ ബഡ്ജറ്റ് അവതരിപ്പി ച്ചുകൊണ്ടു ഫിനാൻഷ്യൽസെക്രട്ടറി അവർകൾ ചെയ്ത പ്രസംഗം ഒരു പുതുമയായി തോന്നുന്നുണ്ടു്. മൈസൂർ മുതലായ രാജ്യങ്ങളെ താരതമ്യ പ്പെടുത്തി നമ്മുടെ രാജ്യത്തെ നികുതി കുറച്ചു കാണിച്ചിട്ടുണ്ടു്. ഇന്നത്തെ ഭരണമേധാവി ഭരണകൂടം കയ്യേറ്റതുമുതൽ തിരുവിതാംകൂറിന്റെ സാ മ്പത്തികാവസ്ഥയിൽ ഉന്നമനത്തിനുവേണ്ടി അശ്രാന്തം പരിശ്രമിച്ചു വരുന്നുണ്ടു്. മുൻപൊരിക്കൽ അദ്ദേഹം ഈ നിയമസഭയിൽ പ്രസംഗിച്ചതു പ്രവ ർത്തിപഥത്തിൽ വരുത്തുന്നതിനെന്നു പൊതുജനങ്ങൾക്കു വിശ്വാസം തോന്നിയിട്ടുണ്ടു്. യുദ്ധം നിമിത്തം ഇരുമ്പു മുതലായ സാധനങ്ങൾക്കു വളരെ വിലകൂട്ടി അമിതമായ ലാഭമെടുത്തു. ഒന്നിലധികം കണക്കു സൂക്ഷിച്ചു വച്ചിട്ടുള്ള കച്ചവടക്കാരിൽ നിന്നും അവരുടെ യഥാ ർത്ഥവരുമാനത്തിനു നികുതി ഈടാക്കണമെന്നുള്ളതാണു ഫിനാൻഷ്യൽ സെക്രട്ടറിയുടെ ഉദ്ദേശം. കർഷകരെ ഉപദ്രവിക്കാതെ വരവു വർദ്ധി പ്പിക്കാൻ മാർഗ്ഗം നിർദ്ദേശിച്ചതിൽ ഫിനാൻഷ്യൽ സെക്രട്ടറിയെ ഞാൻ പ്രശംസിച്ചുകൊള്ളുന്നു.

ഇവിടെ ഇപ്പോൾ, ഷുഗർഫാക്ടറി, റബ്ബർഫാക്ടറി, സെറാ മിക്ഫാക്ടറി, ടാൻസ്പോർട്ടു പദ്ധതി, ഹൈഡ്രോ ഇലക്ട്രിക്സ്കീം മുതലായ പല വമ്പിച്ച വ്യവസായങ്ങൾ ആരംഭിച്ചിരിക്കുന്ന സ്ഥിതിക്കു തിരുവിതാംകൂറിന്റെ ഭാവി ശോഭനമായിരിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

ഭൂനികുതിയിനത്തിൽ രണ്ടു ലക്ഷം രൂപ അധികമായുണ്ടെങ്കിൽ കൂടുതൽ വരുമാനമാകുമെന്നു പറയുന്നു. തിരുവിതാംകൂറിലെ സാമ്പത്തികനില ഉയരത്തക്കനിലയിൽ വേമ്പനാടു, വെള്ളായണി, കഠിനംകുളം മുതലായ

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. C. Kesava Pillai.]

കായലുകളിൽ മണ്ണിട്ടു നെൽകൃഷി ചെയ്യുത്തക്കവണ്ണം സൗകര്യപ്പെടുത്തിയാൽ നമുക്കിവിടെ ആഹാരസാധനം ഇറക്കുമതി ചെയ്യാതെ കഴിക്കാം.

ഒരുകർഷകരാജ്യമായ ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഏറ്റവുംപ്രധാനവേദനയുണ്ടാക്കുന്ന ഒരു പ്രസ്താവന ഫിനാൻഷ്യൽ സെക്രട്ടറിയുടെപ്രസംഗത്തിൽ കാണുന്നുണ്ട്. കമ്മേഴ്സ്യൽ ഡിപ്പാർട്ടുമെൻറ്സ് എന്ന തലക്കെട്ടിൽ ... ...

"Apart from Irrigation which has never been a real source of revenue to the State the three undertakings which at once suggest themselves for special consideration are of course the Electricity Department, Commercial Transport and Clay Refining and Porcelain Factory."

ശിശുക്കൾക്കു അമ്മയുടെ മുലപ്പാൽ എത്രത്തോളം അത്യാവശ്യമാണൊ അത്രയുമൊ, അതിൽ കവിഞ്ഞൊ, അത്യാവശ്യമുള്ള ഒന്നാണ് കർഷകനെ സംബന്ധിച്ചിടത്തോളം ഇറിഗേഷൻ പദ്ധതി. തെക്കൻ തിരുവിതാംകൂറിലെ കർഷകർക്കു എത്രമാത്രം ജലം ആവശ്യമുണ്ടൊ അത്രയും ജലം വിതരണം ചെയ്യുന്നതിന് ചീഫ് എൻജിനീയർ അവർകളെ ഉപദേശിക്കണമെന്ന് അപേക്ഷിക്കുന്നു. ജലദുർഭിക്ഷംമൂലം തെക്കൻ തിരുവിതാംകൂറിൽ വളരെ കഷ്ടപ്പാടുകൾ ഉണ്ട്. പറളി, ചിറ്റാർ, നെയ്യാർ മുതലായ നദികളിൽ അണ കെട്ടി അതെല്ലാം കോതയാർ അണയോടു ഘടിപ്പിച്ചു നെയ്യാറുമുതൽ അരുവാമൊഴിവരെ സകല കൃഷിസ്ഥലങ്ങളേയും ജലസേചനം ചെയ്യുന്നതിനുള്ള ഒരു പദ്ധതി ഗവണ്മെൻറിൻെറ കയ്യിൽ ഇരിക്കുന്നു എന്നാണു തെക്കൻ തിരുവിതാംകൂർകാർ മനസ്സിലാക്കിയിരിക്കുന്നത്. എന്നാൽ ഇപ്രകാരം ഇക്കൊല്ലം ഇറിഗേഷൻവേലകൾക്കായി കേവലം ൨൫൦൦൦രൂപ മാത്രമാണു അനുവദിച്ചിട്ടുള്ളത്. ഏതായാലും ദിവാൻജി അവർകൾ തെക്കൻ തിരുവിതാംകൂർ ഒന്നുകൂടി സന്ദർശിച്ച് സ്ഥിതിഗതികൾ മനസ്സിലാക്കി അടുത്ത കൊല്ലത്തിലെങ്കിലും ഇതിലേക്കു ഒരു ഭീമമായ സംഖ്യ കൊള്ളിക്കും എന്നു ഞാൻ വിശ്വസിക്കുന്നു.

ആരോഗ്യപരമായ കാര്യങ്ങൾക്കു ഈയാണ്ടത്തെ ബഡ്ജറ്റിൽ വേണ്ടിടത്തോളം പണം കൊള്ളിച്ചിട്ടുണ്ടു. ഇവിടെയുള്ള കഥ തന്നെയെടുക്കാം. തെക്കേത്തെരുവു പള്ളിക്കൂടത്തിൻെറ വരാന്തയിലാണു ഇവിടെയുള്ള ക്ഷുരോഗികളെല്ലാം കിടക്കുന്നത്. മിക്കസ്ഥലങ്ങളിലും ഇങ്ങനെയാണ് കാണുന്നതു. ഇപ്രകാരം പകർച്ചവ്യാധികളുള്ള രോഗികളെ പ്രത്യേകം സൂക്ഷിക്കേണ്ടതാകുന്നു. വേണ്ടിടത്തോളം ക്ഷുരോഗാശുപത്രികൾ ഏർപ്പെടുത്തുന്നതിനു നിർദ്ദേശിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടത്തെ ഒന്നാംപട്ടാളത്തിലെ ഭടന്മാരിൽ ൽ 0 ശതമാനവും തെക്കൻതിരുവിതാംക്കൂർകാരാണെന്നുള്ളതു തക്കമറവ സംഗതിയാകുന്നു. അവരെ യുദ്ധകാര്യനിർവഹണത്തിനായി ബ്രിട്ടീഷ് പട്ടാളത്തോടൊപ്പം വിട്ടുകൊടുക്കുന്നതിനു തീരുമാനിച്ചിരിക്കുന്നതിൽ തെക്കൻതിരുവിതാംക്കൂർകാക്കു പ്രത്യേകം ചാരിതാർത്ഥ്യതയുണ്ട്. അവർ മഹാരാജാവുതിരുമനസ്സിലേയും തിരുവിതാംക്കൂറിനേറയും അഭിമാനത്തെ സംരക്ഷിച്ചു ഇൻഡ്യയിലും ഇൻഡ്യക്കു പുറമേയും പോയി ശാശ്വതമായ ജയം നേടിവരാൻ ഞാൻ ജഗദീശ്വരനോടു പ്രാർത്ഥിക്കുന്നു. തിരുവിതാംക്കൂറിലുള്ള എല്ലാവരും, ജാതി മതഭേദമെന്യെ, പട്ടാളത്തിൽചേർന്നു രാജ്യത്തിനുവേണ്ടി തങ്ങളുടെ ജീവൻപോലും ബലികഴിക്കുവാൻ തയാറുള്ളവരാണെന്നു പ്രസ്താവിക്കുവാൻ ഞാൻ മടിക്കുന്നില്ല.

ഇനി നേഷൻ ബിൽഡിംഗിനെപ്പററിക്കുടി രണ്ടുവാക്കു പറയാം. തിരുവിതാംക്കൂർ ഒരു ഹൈന്ദവരാജ്യമാണു്. മഹാരാജാവു തിരുമനസ്സുകൊണ്ടു ഇവിടുത്തെ ഹൈന്ദവരുടെ നേതൃത്വം വഹിക്കുകയും ചെയ്യുന്നു. എന്നാൽ ഇവിടുത്തെ ഹിന്ദുക്കളുടെ ആചാരങ്ങൾക്കു ഒരു ഏകീകരണമില്ല. അവർക്കു പൊതുവായ ഒരു മതഗ്രന്ഥമില്ല. അതുകൊണ്ടു ഇവിടുത്തെ ഹിന്ദുക്കൾക്കെല്ലാവർക്കും പൊതുവെ ഉപയോഗിക്കത്തക്കവിധത്തിൽ ഒരു മാതൃകാഗ്രന്ഥം പ്രസിദ്ധീകരിപ്പിച്ചു ഉപയോഗിപ്പിക്കണമെന്നപേക്ഷിക്കുന്നു. മറെറാരു സംഗതി, ഇന്നു, ദേവസ്വം കാര്യങ്ങളെപ്പററിയുള്ള കണക്കുകൾ നോക്കുന്നതിനൊ, മറവു സംഗതികൾ അറിയുന്നതിനൊ ഇവിടുത്തെ ഹിന്ദുക്കൾക്കു അവകാശമുണ്ടെന്നിരുന്നാലും അതു സാധ്യമാകുന്നില്ലാ എന്നുള്ളതാകുന്നു. അങ്ങനെ ആ കാര്യങ്ങൾ അറിയുന്നതിനു ഇവിടുത്തെ ഹിന്ദുക്കൾക്കു അതിയായ ആഗ്രഹം ഉണ്ടെന്നുള്ള വിവരം തിരുമനസ്സറിയിക്കണം.

ഒരു ഹിന്ദു ഡൈറക്ടസറി ബോർഡൊ മറെറാ ഏർപ്പെടുത്തി ദേവസ്വം കാര്യങ്ങൾ നടത്തുന്നതിനു ഏർപ്പാടുചെയ്യുന്നതും കൊള്ളാമെന്നു തോന്നുന്നു. ഗവൺമെൻറിനു ദേവസ്വങ്ങളെ സംബന്ധിച്ചിടത്തോളം ഒരു ട്രസ്റ്റിയുടെ നിലയാണുള്ളതു്. ആ നിലയ്ക്കു ദേവസ്വം ഫണ്ടിൽനിന്നും പൊതുജനോപകാരപ്രദങ്ങളായ സത്രങ്ങൾ, വഴിയമ്പലങ്ങൾ മുതലായ സ്ഥാപനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതി ഉണ്ടാക്കുന്നതു നന്നായിരിക്കും. അവകാം ഹിന്ദുക്കൾക്കു പ്രത്യേകം ഉപയോഗിക്കുന്നതിലേക്കായി ഉപയുക്തമാക്കുന്നതും കൊള്ളാം. അതിനു വേണ്ട ചട്ടങ്ങൾ ഉണ്ടാക്കണമെന്നപേക്ഷിക്കുന്നു. ഇങ്ങനെ ഹിന്ദുസമുദായോദ്ധാരണത്തിനു ആവശ്യമുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിച്ചു നടപ്പിൽ വരുത്തുന്നതിനായി അപേക്ഷിച്ചുകൊണ്ടു വിരമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. P. C. ADICHAN (*Nominated*): സർ, പ്രജകളുടെ രക്ഷയാണ് തന്റെ രക്ഷയെന്നുള്ള ഏകവ്രതത്തോടുകൂടി നമ്മെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്ന മഹാമനസ്കനായ മഹാരാജാവു തിരുമനസ്സുകൊണ്ട് രാജ്യഭാരം കൈയ്യേറിട്ട പത്തുവർഷമായിരിക്കുന്നു. അിവടത്തെ മന്ത്രി സത്തമൻ സർ സി. പി. രാമസ്വാമി അവർകൾ, തിരുവിതാംകൂറിന്റെ ഭാവി ഭാഗധേയങ്ങൾക്കു നിദാനങ്ങളായ പള്ളിവാസൽ പദ്ധതി, കളിമൺഫാക്ടറി, കുമേഴ്സ്യൽടാൻസ്പോർട്ട് തുടങ്ങി വിവിധപരിഷ്ക്കാരങ്ങൾ കൊണ്ട് ഭാസുരമായ ഭാവിയിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നു. ഈ അവസരത്തിൽ ഫ്രാന്സ്-ലെ ബഡ്ജറ്റ് മിച്ചം കാണിച്ചുകൊണ്ട് അവതരിപ്പിച്ചിരിക്കുന്നു. സർ, ഭയങ്കരമായ യുദ്ധംകൊണ്ട് സാമാനങ്ങളുടെ വില ക്രമാതീതമായിവർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്നുനാലു മാസത്തെ കഠിനമായ ഉണക്കുമൂലം തെങ്ങു കമുക് മുതലായ വൃക്ഷങ്ങൾക്കും നെല്ല്, ചാമ മുതലായ ചെടികൾക്കും സാരമായ ഉണക്കു തട്ടിയിട്ടുണ്ട്. പൊതുവെ പറയുന്ന പക്ഷം നാട്ടുകാരായ കൃഷിക്കാരും അവരെ ആശ്രയിച്ചുനിൽക്കുന്ന കൂലിവേലക്കാരും പട്ടിണികൊണ്ട് മരിക്കേണ്ടിവരുമെ. ആത്മഹത്യചെയ്യുന്നവരെ കുറ്റകരമാണെന്നു വിധിക്കുന്നതുപോലെ പട്ടിണികിടന്നു മരിക്കുന്നതും കുറ്റകരമാണെന്നു വിധിക്കുന്നതു നന്നായിരിക്കും. ഈ പരിതഃസ്ഥതിയിൽ മിച്ചം വരുന്ന ബഡ്ജറ്റ് അവതരിപ്പിച്ചതിൽ എന്താണ് പറയുക. സർ, ഈ അവസരത്തിൽ അവശസമുദായ സംരക്ഷണ വകുപ്പിനു നീക്കി വച്ചിരിക്കുന്നതുകയെ സംബന്ധിച്ചു കിട്ടിയ ചുരുങ്ങിയ സമയംകൊണ്ട് രണ്ടു സംഗതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് ആഗ്രഹിക്കുന്നു. സർ, തിരുവിതാംകൂറിലെ പിന്നോക്കസമുദായക്കാരുടെ ഉൽകൃഷ്ടവിദ്യാഭ്യാസത്തെലാക്കാക്കി തിരുവനന്തപുരത്തു നടത്തിവരുന്ന ശ്രീചിത്തിരഹരിജന ഹോസ്റ്റലിനു കഴിഞ്ഞ വർഷത്തേക്കാൾ ൪൦൦ രൂപാ കൂടുതലായി അനുവദിച്ചിട്ടുണ്ട്. സർ, അവിടെ കുറവർ സമുദായത്തിന്റെ കാര്യത്തിൽ പറയത്തക്ക പ്രയോജനം ഇല്ലാത്ത നിലയിലാണ് പ്രസ്തുത സംരക്ഷണവകുപ്പിൽനിന്നും അംഗീകരിച്ചിട്ടുള്ള തത്വം.

ഈ വർഷം കോളേജ് വിദ്യാർത്ഥികൾക്കാണ് ശ്രീചിത്തിരഹോസ്റ്റലിൽ പ്രവേശനം ഉണ്ടായിരുന്നതു്. കുറവർ സമുദായത്തെ സംബന്ധിച്ചിടത്തോളം അവിടെ പഠിച്ചുകൊണ്ടിരുന്ന ഒരു കോളേജ് വിദ്യാർത്ഥിയെ കൂടാതെ പുതിയതായി ൨൦ വിദ്യാർത്ഥികളെ പ്രവേശനത്തിനു അനുവദിച്ചതായി ഒരു ഒറ്റ കോളേജ് വിദ്യാർത്ഥിപോലുമില്ലാതിരു

LIBRARY ARCHIVES Kerala Legislative Assembly

ന്നതുകൊണ്ട് ഇതര സമുദായക്കാരായ പുലയർക്കും പറയർക്കുമാണ് പ്രധാനമായി പ്രയോജനപ്പെട്ടിട്ടുള്ളത്. എന്നാൽ പ്രോവൈസ് ചാൻസലർ അവർകളുടേയും സംരക്ഷകൻ അവർകളുടേയും പ്രത്യേകകാരുണ്യമുണ്ടായി ഒരു സ്കൂൾ ഫൈനൽ വിദ്യാർത്ഥിയെ എടുക്കുകയും ചെയ്തു. ഈ അടുത്ത കാലത്തെങ്കിലും കോളേജ് വിദ്യാർത്ഥികൾ ഉണ്ടാകാൻ ഇടയില്ലാത്ത വിധത്തിൽ കുറവർ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസനില ഇരിക്കുന്നതുകൊണ്ട് ബഹുമാനപ്പെട്ട ഗവണ്മെൻറിൽനിന്നു ചെയ്യുന്ന വിദ്യാഭ്യാസപരമായ സഹായം കുറവർക്കും ലഭിക്കത്തക്കവണ്ണം കുറവർ ഫൈസ്കൂൾ വിദ്യാർത്ഥികൾക്കു അനുവാദം ത്രീചിത്തിരഹോസ്റ്റലിൽ ലഭിക്കത്തക്കവണ്ണം വേണ്ടതു ചെയ്യുമെന്നു വിശ്വസിക്കുന്നു.

രണ്ടാമതായി കാളനി പ്രസ്ഥാനത്തെ കുറിച്ചാണ്. ചങ്ങനാശ്ശേരിതാലൂക്കിൽ കുറച്ചു കാളനിയും മറ്റു പ്രധാനമായി മൂന്നു പ്രധാന കാളനിയും മറ്റു പല ചെറിയ കാളനികളുമുണ്ട്. ഇതിൽ പത്തനംതിട്ട താലൂക്കിൽ ഇലന്തൂർമാത്രം കുറവർ സമുദായത്തിനു പ്രയോജനപ്പെടുന്നുണ്ട്. ബാക്കിയുള്ള കാളനികളെല്ലാം കുറവരില്ലാത്ത സ്ഥലങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളതു്. സർ, കുന്നത്തൂർ താലൂക്കിലാണ് കുറവർ അധികമുള്ളതു്. ആ താലൂക്കിൽതന്നെ ഏനാദിമംഗലം സെറ്റിൽമെൻറ് എന്നു തുടരെ മൂന്നുകൊല്ലങ്ങളിലായി ബഡ്ജറ്റിൽ കൊള്ളിച്ചുകാണുന്നു. അതു് സ്ഥലമില്ല എന്നു് മറ്റൊരു കാരണം പറഞ്ഞു് ഫലമില്ലാതെയായിത്തീർക്കുന്നു. തിരുവിതാംകൂറിൻറെ കിഴക്കൻ ഭാഗത്തുള്ള അനേകായിരം ഏക്കർ സ്ഥലം തോട്ടങ്ങൾക്കായി പതിച്ചു കൊടുക്കാമെങ്കിൽ സാധുക്കൾക്കുവേണ്ടി ൫൦൦ ഏക്കർ സ്ഥലം എടുക്കാനില്ല എന്നു പറയുന്നതു് സങ്കടം തന്നെയാണ്. അതിനാൽ ഈ സങ്കടങ്ങൾക്കുപരിഹാരമുണ്ടാക്കുമെന്നു് വിശ്വസിച്ചുകൊണ്ടു് ഞാൻ വിരമിക്കുന്നു.

MR. E. E. PANDARATHIL (*The Travancore Jennies, South*): Sir, the Financial Secretary deserves his full meed of praise for the streamlined budget which he has presented before this Assembly. I say "streamlined", because he has narrowed down the rough edges of the budget in oder to meet with the least resistance from external world conditions thus providing for the emergencies on account of the war. But, at the same time, he has also provided spacious accommodation for the usual and natural expenses of the State, without stint, and not only without stint, but with a stimulus which characterises a departure from previous budgets. I will also congratulate him for the lucidity (if perhaps at some length) with which he has analysed the rise of our revenues and the way in which we have been spending in relation to, and in comparison with

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. E. Pandarathil.]

other parts of the world and India. I feel that it is well worth the study. The *modus operandi* and the line along which he has been developing his theme is very clearly revealed in his exposition. Budgeting ordinary normal revenue, and that at a modest and conservative estimate allowing for the variation in the customs revenue due to world conditions of about Rs. 265·65 lakhs, which he points out to be a figure equal to the revised estimates of the last year and which was then said to be highest peak reached by the revenue of the State, he has estimated for an expenditure, which he justly says is based on considerations of permanent or quasi permanent transactions and on charges amounting to Rs. 261·73 lakhs, leaving a normal surplus of Rs. 3·92 lakhs thereby. I think it is in the best parliamentary traditions to leave aside the permanent part of the budget which counts for the natural and permanent expenditure and income of the State and, then, providing additionally from new sources for the exigencies that may arise from time to time for the purpose of nation-building activities and to meet conditions which arise otherwise. Not satisfied with this surplus provided for the exigencies which has arisen out of the present day conditions around us, he goes on to raise the necessary funds by a process in which the incidence of taxation is lightest and thus to swell that amount of revenue to Rs. 285·40 lakhs the zenith figure of our revenue so far and the corresponding expenditure, including our contribution to the war and our own-safety comes to a figure of Rs. 271·73 lakhs. That leaves a comfortable surplus of Rs. 13·67 lakhs. I do not think that the Financial Secretary claims for himself any special merit for the budget being a surplus one, as he himself has expressed somewhere in the book. But this happens to be a surplus budget and, at the same time, a budget without stint, providing for the nation-building activities on which we have been successfully concentrating of late.

Sir, along with this, I am glad to note that you have been following the tradition of Vishnu Gupta, who says that taxes should be inconspicuous and should not pinch the tax-payer. Misgivings have been expressed that perhaps when taxes are raised they come to stay with the Government leaving the taxpayer in the lurch. But, Sir, that may be the case for all the indirect taxes and as in the excise duties. But, I believe that in the case of the income tax, the tax is raised on definite incomes and definite amounts. Therefore, in the case of income tax, I think it would not press much in its incidence unjustly or inequitably.

In this connection, I am glad to note, as any Jenmi should be, that the land revenue has also increased and that there is expectation for two lakhs more of income anticipated for the next year. I am glad, but, at the same time, may I just humbly express my fear whether this amount includes also amount accruing from such sorts of *karampathippu* cases in which the Jenmi has gone astray on account of the

LIBRARY ARCHIVES Kerala Legislative Assembly

economic and other pressure which depression conditions brought about in the course of these years. I can foresee what the Revenue Commissioner may feel in the matter. I have to confess and admit that the jenmies may have been in cases tardy and late in the matter of submitting his jenmikarom accounts. But should it not be said in extenuation of his failings that ever since 1108 for six years, Jenmi Varom, his main if not only source of the bulk of his income, has been in the course of settlement and the jenmi has been living on the thin air of his hope of the Government assuming collections at the end of the settlement.

But it may be remembered that jenmikarom is yet in the course of a settlement and we are living practically with the thin hope that it may be finished next year.

Sir, the rest of the revenue as I have been mentioning is made up by commercial schemes which it is very happy to say that during the life of this assembly itself the last three years, these schemes have come into fruition. In this respect I can only quote one of my Nambootiri friend who has been uttering a simile about commercial schemes. He has been saying that in the matter of ordinary commercial schemes they are like newborn young of 'homo sapiens' which will get strength only after a number of years of nursing. That has been usual with the schemes started by Government years before, that they are like weaklings which have to gain strength only by artificial nutrition. But in the present case they are born like divine children and are quite able to stand on their own legs as soon as they are born, and not only stand on their legs but to pay their own way and besides find the wherewithal to reduce the burden of the taxpayer. That is the state of affairs in which one can congratulate oneself. In this case I am glad to say that they are able to bring increased revenue to the State.

A couple of years back when the possibility of using our own cement on our roads, to resist the ravages caused by iron-tyred bullock carts was suggested then it was not thought that limestone was available in such large quantities as to meet the requirements of such a scheme and it was mentioned the question will be looked into. But as it transpired we have been told by the Dewan President we have discovered a whole hill which is at our disposal and from which we can draw our cement. Nature also is assisting us by unfolding to the surveying eye her bounties.

Taking other items of expenditure into account I am glad to note that there are 5 lakhs of rupees set apart as Distress Relief Fund and it is in line with the noble legend on the escutcheon of Travancore and the Ruling House that "ധർമ്മമൂല കലൗരവം". This will be fully supplemented by undertaking public works of a nature which will provide work for those who have been thrown out of employment due to no fault of their own but due to the existence of war-conditions in the world.

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. E. Pandarathil.]

I think last year it has been mentioned in connection with co-operative societies that they will be encouraged and the unfit ones put out by gentle anaesthesia and I am glad to repeat it here that those societies that deserve should be given help in order to develop and confer benefits of a socio-economic nature. In this connection I have to mention 'Irrigation". As mentioned by the President sometimes we want irrigation in the correct sense of the term and sometimes what we want is just to get rid of the unnecessary water, to deplete the water from fields which obstruct all sorts of cultivation. These cases are prevalent not only in prominant Punja area but also in up-country areas, which have to be depleted frequently in order to cultivate them. Lift-irrigation or some such device will have to be developed, with the aid of the electricity and the schemes of agricultural development. That takes me to the subject of Travancore University, where may I say that along with science the humanities should also be encouraged and developed. I do not mean to say that science is too much. In fact science must be given its proper and first place. Young men must be trained to do things for the good of the world, to do things to create and to do things for increasing the prosperity of the land. But along with this it is not right to say that by means of historical and literary research principles and theories should be rediscovered. And this is evident from the simple quotation made in the course of the Dewan-president's speech that the theory of Kautaliya is as useful today as in olden days. I think even theories in Military science can be rediscovered from our ancient books. Perhaps it may be an incidental attraction, but anything useful in the field is worth attempting.

I now say about the soundness of the financial position of the State which leaves nothing to be desired and in spite of all the expenses we have provided we are still ending with a balance in which we have begun *i. e.*, 64·14 lakhs. And may I at this moment be allowed to draw upon the latitudinous metaphor comparing the State to a ship, and let me say that " H. M. S, Travancore " will sweep all sorts of mines, hold her own and add to the safety of India in general.

MR. K. P. KOCHUKORA THARAKAN : സർ, ഫിനാൻസ്-ലേയ്ക്ക് ഉപയോഗപ്രദമായ ഒരു ബഡ്ജറ്റ് അവതരിപ്പിച്ചതിലും അതിനെ തുടർന്ന് വിശദമായ ഒരു പ്രസംഗം ചെയ്തതിലും ഞാൻ ഫിനാൻഷ്യൽസെക്രട്ടറിയെ അനുമോദിച്ചുകൊള്ളുന്നു. ഒരു മിച്ചം കാണിക്കുന്ന ബഡ്ജറ്റ് അവതരിപ്പിച്ചതുകൊണ്ടല്ല ഞാൻ അഭിനന്ദിക്കുന്നത്. സാധാരണ ഫിനാൻഷ്യൽസെക്രട്ടറിമാർ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട്, ആർക്കും ഒന്നും മനസ്സിലാകാതെ ചെയ്യാറുള്ളതുപോലെ ഒരു പ്രസംഗം ചെയ്യാതെ എല്ലാകാര്യങ്ങളും വ്യക്തമാക്കി ഒളിച്ചുകളി നടത്താതെ പ്രസംഗിച്ചതിലാ

LIBRARY ARCHIVES Kerala Legislative Assembly

ണ്ട് അദ്ദേഹം പ്രശംസാർഹനാകുന്നത്. അദ്ദേഹം മിച്ചമുണ്ടെന്നു പറയുന്ന കണക്കുകൾ എത്രത്തോളം പൊള്ളയാണെന്ന് എന്റെ സ്നേഹിതൻ മി. കെ. ആർ. നാരായണൻ ഇന്നു ഭംഗിയായി ചൂണ്ടിക്കാണിച്ചു. അതുകൊണ്ട്, ഞാൻ അങ്ങോട്ടു കടക്കുന്നില്ല.

യുദ്ധംമൂലം ചെലവുകൾ വർദ്ധിച്ചിരിക്കുന്ന ഈ അവസരത്തിൽ വളരെ ദുരിതങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രജകളിൽ നിന്നും കൂടുതൽ കരം ചുമത്താതെ തൽസംബന്ധമായ വരവുചെലവുകൾ നിയന്ത്രിച്ചുകൊണ്ടുപോകുവാൻ ഗവണ്മെൻറിനു സാധിക്കുമെന്നു കാണുന്നതു ഒരു വലിയ അനുഗ്രഹം തന്നെയാണ്.

കഴിഞ്ഞകൊല്ലം കേവലം പ്രാദേശികാവശ്യങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള ഓരോ മെമ്പറുടേയും നിവേദനങ്ങൾക്കുവേണ്ടി ഈ സഭയുടെ വിലയേറിയ സമയം ചെലവഴിക്കുവാൻ ഇടയാക്കരുതെന്നുള്ള ഉദ്ദേശത്തോടുകൂടി ഏർപ്പെടുത്തിയ റോഡുബോർഡിന്റെ കഴിഞ്ഞകൊല്ലത്തെ പ്രവർത്തനം ഏറ്റവും തൃപ്തികരമായിരുന്നു എന്നു പറയുവാൻ എനിക്കു സന്തോഷമുണ്ട്. ഫ ഫ ഠന്യ-ൽ ഇതുപോലെ ഒരു കമ്മിറ്റിയെ ഏർപ്പെടുത്തിയിരുന്നു. എന്നാൽ ഏകാധിപത്യത്തിൽ അനുഗ്രഹമുള്ളവനും ഇഷ്ടം പോലെ പ്രവർത്തിച്ചുകൊണ്ടിരുന്നവനുമായ അന്നത്തെ ചീഫ് എൻജിനീയർ ആ കമ്മിറ്റിയെ വേണ്ടവിധം പ്രയോജനപ്പെടുത്തിയിരുന്നില്ല, എന്നു മാത്രമല്ല ബോർഡിന്റെ ഒരു യോഗമെങ്കിലും വിളിച്ചുകൂട്ടുകപോലും ഉണ്ടായില്ല. ഇപ്പോൾ തിരുവിതാംകൂർകാരുടെ അഭിനിവേശം എന്താണെന്നറിയാൻ കഴിവുള്ള ഒരാൾ-മലയാളഭാഷ അറിയാവുന്ന ഒരാൾ തിരുവിതാംകൂറിലെ ഗതാഗതങ്ങളെപ്പറ്റി നല്ലതുപോലെ മനസ്സിലാക്കിയിട്ടുള്ള ഒരാൾ—ചീഫ് എൻജനീയരായി വന്നതുകൊണ്ടായിരിക്കാം ഈ കമ്മറ്റിക്കു ന്യായമായും ഭംഗിയായും ജോലിചെയ്യുവാൻ സൌകര്യം ലഭിച്ചതു്.

പബ്ലിക്കു സർവീസിനെ സംബന്ധിച്ചും എനിക്കു രണ്ടുവാക്ക് പറയാനുണ്ട്. ജാതിക്കോട്ടയുടെ മറവിൽമറഞ്ഞുനിന്നു കളിച്ചുകളിക്കുന്ന ഈ സന്ദർഭത്തിൽ ഒരു കാര്യത്തിലും ഏകാഭിപ്രായം ഉണ്ടാകുവാൻ നിവൃത്തിയില്ലാതിരിക്കെ, ഈ അസംബ്ലിയിൽ ഒരു ഭിന്നാഭിപ്രായം പോലും പുറപ്പെടുവിക്കാതെ, ഐകകണ്ഠ്യേന പാസാക്കിയ പബ്ലിക്ക് സർവീസിനെ സംബന്ധിക്കുന്ന നിശ്ചയം ഇനിയും ഗവണ്മെൻറു നടപ്പിൽ വരുത്താതിരിക്കുന്നതു് പരിതാപകരംതന്നെ. അതു അസമത്വസമുദായങ്ങൾക്കുമാത്രമല്ല, എല്ലാ സമുദായങ്ങൾക്കും അത്യുപകരംകൂടിയാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Kochukora Tharakan]

ണ്ട്.ഗവണ്മെൻറു കഴിയുന്നതും വേഗത്തിൽ അതിനെ സംബന്ധിച്ച് അനുകൂലമായൊ, പ്രതികൂലമായൊ ഒരു നിശ്ചയം ചെയ്ത് പൊതുജനങ്ങളുടെ ഉൽകണ്ഠ ശമിപ്പിക്കേണ്ടതാണ്. പബ്ളിക്ക സർവീസിൽ ആളുകളെ എടുക്കുന്നതിൽ വലിയഅനീതികൾ കാണിക്കുന്നുണ്ട്. ഏതെങ്കിലും ഒരു ഉദ്യോഗനിയമനം വരുമ്പോൾ ബി. ഏ. ക്കാർക്ക് പരിഗണനകൊടുക്കുന്നതു് കാണാം. ആ നയം ശരിയല്ല. ഒരു കാൺസ്റ്റബിൾ ഉദ്യോഗത്തിനു കുറെ ബി. ഏ. ക്കാരും കുറെ സ്റ്റൂൾപൈനൽകാരും മറ്റു യോഗ്യതയുള്ളവരുംകൂടി അപേക്ഷിക്കുമ്പോൾ ബി. ഏ. ക്കാരെമാത്രം നോക്കി നിയമിച്ചാൽ മറ്റുള്ളവർ എവിടെപോകും. ഓരോ ജോലിക്കും മിനിമം കപാളിഫിക്കേഷൻ ഇന്നതുവേണമെന്നു് നിശ്ചയിക്കണം. ആ കപാളിഫിക്കേഷനുള്ളവരുടെ അവകാശം ക്രുത്രിമ കപാളിഫിക്കേഷനുള്ളവരെക്കൊണ്ടുവന്നു നിയമനം ചെയ്യരുതു്. പബ്ളിക്കുസർവീസ് ആഫീസിൽ ചെന്നാൽ ധൂമകേതുവിൻെറ വാലുപോലെ ൨൫൦൦൦ പേരടങ്ങിയ ഒരു ലിസ്റ്റ് വച്ചിരിക്കുന്നതു കാണാം. ഓരോരുത്തരും എനിക്ക് ഉദ്യോഗം കിട്ടിക്കൊള്ളുമെന്നു് വിചാരിച്ച് കാത്തു നിൽക്കുകയാണ്. ഒടുവിൽ ഇവർക്ക് ൪൫ വയസ്സ് തികഞ്ഞാലും ഉദ്യോഗം കിട്ടുകയില്ല. ഈ നില വളരെ കഷ്ടമാണു. ഓരോ കൊല്ലവും എത്ര ഉദ്യോഗങ്ങൾ ഒഴിവുണ്ടൊ അതുയ്ക്കും ഒരു ചെറിയ ശതമാനംക്രുത്രിമലിസ്റ്റും മാത്രമേ പരസ്യംചെയ്യാവു. അതുയും മാത്രമെ അപേക്ഷകളും സ്വീകരിക്കാവു. ഒഴിവിനും ൨൫% റിസർവിനും ഉള്ള അപേക്ഷകൾ സ്വീകരിക്കാം. ക്രുത്രിമ അപേക്ഷകൾ സ്വീകരിച്ച്, അപേക്ഷകർക്ക് ആശയും കൊടുത്തു്, കായ്മനടത്തിപ്പുമില്ലാതെ ഇപ്പോഴത്തെ നയം തുടരുന്നതു് ശരിയല്ല. ഓരോ കൊല്ലത്തിലും ഉണ്ടാകുന്ന വേക്കൻസികൾ എത്രയാണെന്നു് പബ്ലിക്ക് സർവ്വീസു കമ്മീഷണർ അറിഞ്ഞു ഇന്നയിന്ന ശമ്പളത്തിൽ ഓരോ സമുദായത്തിൽനിന്നും ഇത്രയിത്ര ആളുകളെവീതം നിയമിക്കുന്നതാണെന്നുള്ള വിവരം മുൻകൂട്ടി പരസ്യപ്പെടുത്തണം. ആവശ്യമുള്ളവരെ എടുത്തതിനുശേഷം ബാക്കിയുള്ള അപേക്ഷകളെ തള്ളിക്കളയണം. അടുത്തകൊല്ലം ഉണ്ടാകുന്ന ഒഴിവുകൾ നോക്കി വീണ്ടും അപേക്ഷകൾ സ്വീകരിക്കാം. സത്യവാനായ ഒരു പബ്ളിക്ക് സർവീസ്കമ്മീഷണരുടെ കാലത്തു് അഴിമതികൾ ഒന്നും ഉണ്ടാവുകയില്ലായിരിക്കാം. പക്ഷെ, അങ്ങിനെവല്ലതും ഉണ്ടാകുവാനിടയായാൽ അതു കണ്ടുപിടിക്കുവാൻ ഇന്നത്തെ നിലയിൽ എങ്ങിനെ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

The Assembly re-assembled at 8—4 P. M. Mr. S. Chattanatha Karayalar, Deputy-President presiding.

LEGISLATIVE BUSINESS.

THE TRAVANCORE DEBT RELIEF BILL—(continued).

DEPUTY PRESIDENT: Order, order. The House will now resume discussion of the Debt Relief Bill. We were at Clause 6 and amendment No. 80 was disposed of on the last occasion.

Clause 6.

The question that Clause 6 do stand part of the Bill was put.

MR. R. SAMBASIVA AIYAR (*Nominated*): Sir, I oppose the motion and I do not want to make a speech.

The question was put and carried.

Clause 6 was added to the Bill.

Clause 7.

The question that Clause 7 do stand part of the Bill was put.

MR. R. SAMBASIVA AIYAR: I oppose it.

The question was put and carried.

Clause 7 was added to the Bill.

New Clauses.

MR. R. SAMBASIVA AIYAR: I move, Sir, that after Clause 7 the following may be substituted as a New Clause renumbering subsequent clauses accordingly:

"Nothing contained in this Act shall apply to a debtor whose liabilities exceed Rs. 5,000."

This is a matter about which there has been considerable discussion in the Assembly. I do not therefore intend to make a speech. I commend my amendment for the acceptance of the House.

MR. M. SIVATANU PILLAI: I second it.

MR. KOTTALIL P. ABRAHAM (*Muvattupuzha* cum *Devicolam*): I oppose it.

MR. PADIYARA JOSEPH KUNJU (*Changanacherry* cum *Peermade*): I also oppose it.

MR. PUTHUPALLI S. KRISHNA PILLAI (*Legal Remembrancer to Government*): Sir, it was repeatedly stated that Government have no idea of fixing any maximum for the debt to which this Act is to be applied. Consistent with that principle, I oppose the amendment.

The amendment was put to vote and declared lost.

Clause 8.

The question that Clause 8 do stand part of the Bill was put.

MR. R. SAMBASIVA AIYAR: I formally oppose it.

The question that Clause 8 do stand part of the Bill was put and carried.

Clause 8 was added to the Bill.

Clause 9.

MR. N. NARAYANA KURUP (*Ambalapuzha* cum *Shertalai*): Sir, I move—In Clause 9, sub-clause (1), after the words "any debt" insert

LIBRARY ARCHIVES Kerala Legislative Assembly